**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1516** **12-02-2025 - ൽ മറുപടിയ്ക്ക്**

**ഒരോടം പാലം-വൈലോങ്ങര ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട സ്ഥലമേറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മങ്കട മണ്ഡലത്തിലെ ഒരോടം പാലം-വൈലോങ്ങര ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട സ്ഥലമേറ്റെടുക്കൽ പ്രവൃത്തിയുടെ എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ടെന്നും ബാക്കിയുള്ള നടപടികൾ എന്തൊക്കെയെന്നും പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ; | (എ) | മങ്കട മണ്ഡലത്തിലെ ഒരോടംപാലം - വൈലോങ്ങര ബൈപ്പാസ് റോഡ് നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സർവ്വെ അതിരടയാള നിയമ പ്രകാരമുള്ള 6(1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട് 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമത്തിലെ സെക്ഷൻ 4(1) വിജ്ഞാപന പ്രകാരമുള്ള സാമൂഹ്യ ആഘാത പഠന റിപ്പോർട്ട് വിദഗ്ധ സമിതി വിലയിരുത്തുകയും, ആയതിന്റെ അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നതിന് അനുമതി നൽകിക്കൊണ്ട് മലപ്പുറം ജില്ലാ കളക്ടർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട് 11(1) വിജ്ഞാപനം 05/08/2024 തീയതിയിൽ കേരള ഗസറ്റിൽ (അസാധാരണം) പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. അടിസ്ഥാന വില നിർണ്ണയ റിപ്പോർട്ട് (ബി.വി.ആർ) തയ്യാറാക്കുന്നതിന് എൽ.എ.ഒ-യുടെ കാര്യാലയത്തിൽ നടപടി സ്വീകരിച്ച് വരുന്നു.<br><br>2013-ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം അനുശാസിക്കും പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ഭൂമി ഏറ്റെടുക്കലിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.<br><br>പദ്ധതിയുമായി ബന്ധപ്പെട്ട് 2013-ലെ ഭൂമിയേറ്റെടുക്കൽ നിയമ പ്രകാരം താഴെ പറയുന്ന നടപടിക്രമങ്ങൾ കൂടി സ്വീകരിക്കേണ്ടതുണ്ട്. |

| | | | |
|---|---|---|---|
| | | | ബി.വി.ആർ. ജില്ലാ കളക്ടർ അംഗീകരിച്ചതിനുശേഷം പദ്ധതിയുമായി ബന്ധപ്പെട്ട് ആർ.ആർ. പാക്കേജ് ലാൻഡ് റവന്യൂ കമ്മീഷണറും, വിശദ വില വിവര പട്ടിക (DVS) ജില്ലാ കളക്ടറും അംഗീകരിക്കേണ്ടതുണ്ട്. റിക്വിസിഷൻ അതോറിറ്റി ഭൂമി ഏറ്റെടുപ്പിന് ആവശ്യമായ മുഴുവൻ തുകയും അടവാക്കിയ ശേഷം 19(1) പ്രഖ്യാപനം പ്രസിദ്ധപ്പെടുത്തുകയും, ശേഷം അവാർഡ് പാസാക്കി നഷ്ടപരിഹാര തുക വിതരണം ചെയ്യേണ്ടതുമുണ്ട്. |
| (ബി) | പ്രസ്തുത സ്ഥലമേറ്റെടുക്കൽ നടപടികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ബി) | മങ്കട മണ്ഡലത്തിലെ ഒരോടംപാലം - വൈലോങ്ങര ബൈപ്പാസ് റോഡ് നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സർവ്വെ അതിരടയാള നിയമ പ്രകാരമുള്ള 6(1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട് 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമത്തിലെ സെക്ഷൻ 4(1) വിജ്ഞാപന പ്രകാരമുള്ള സാമൂഹ്യ ആഘാത പഠന റിപ്പോർട്ട് വിദഗ്ധ സമിതി വിലയിരുത്തുകയും, ആയതിന്റെ അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നതിന് അനുമതി നൽകിക്കൊണ്ട് മലപ്പുറം ജില്ലാ കളക്ടർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട് 11(1) വിജ്ഞാപനം 05/08/2024 തീയതിയിൽ കേരള ഗസറ്റിൽ (അസാധാരണം) പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. അടിസ്ഥാന വില നിർണ്ണയ റിപ്പോർട്ട് (ബി.വി.ആർ) തയ്യാറാക്കുന്നതിന് എൽ.എ.ഒ-യുടെ കാര്യാലയത്തിൽ നടപടി സ്വീകരിച്ചു വരുന്നു.<br><br>2013-ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം അനുശാസിക്കും പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ഭൂമി ഏറ്റെടുക്കലിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.<br><br>പദ്ധതിയുമായി ബന്ധപ്പെട്ട് 2013-ലെ ഭൂമിയേറ്റെടുക്കൽ നിയമ പ്രകാരം താഴെ പറയുന്ന നടപടിക്രമങ്ങൾ കൂടി സ്വീകരിക്കേണ്ടതുണ്ട്.<br><br>ബി.വി.ആർ. ജില്ലാ കളക്ടർ അംഗീകരിച്ചതിനുശേഷം പദ്ധതിയുമായി ബന്ധപ്പെട്ട് ആർ.ആർ. പാക്കേജ് ലാൻഡ് റവന്യൂ കമ്മീഷണറും, വിശദ വില വിവര പട്ടിക (DVS) ജില്ലാ കളക്ടറും അംഗീകരിക്കേണ്ടതുണ്ട്. റിക്വിസിഷൻ അതോറിറ്റി ഭൂമി ഏറ്റെടുപ്പിന് |

| | | | |
|---|---|---|---|
| | | | ആവശ്യമായ മുഴുവൻ തുകയും അടവാക്കിയ ശേഷം 19(1) പ്രഖ്യാപനം പ്രസിദ്ധപ്പെടുത്തുകയും, ശേഷം അവാർഡ് പാസാക്കി നഷ്ടപരിഹാര തുക വിതരണം ചെയ്യേണ്ടതുമുണ്ട്. |

സെക്ഷൻ ഓഫീസർ